കോഴിക്കോട് വിമാനത്താവള വികസനം

96 (110) ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവള വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വികസനത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത് ;

(സി) വീടും സ്ഥലവും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) വിമാനത്താവള വികസനത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശത്തിലുണ്ട് ;

1. അന്താരാഷ്ട്ര അറൈവൽ ബ്ലോക്കിന്റെ വിപുലീകരണം.
2. ഏപ്രിണിന്റെ വിപുലപ്പെടുത്തൽ
3. 137 ഏക്കർ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് അധിക ഏപ്രണും, അനുബന്ധ സൗകര്യങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) 137 ഏക്കർ.

(സി) ഉണ്ട്. 7-1-2001-ലെ സർക്കാർ ഉത്തരവ് നമ്പർ 15/2011/റവ.-യിൽ വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്കുള്ള പുനരധിവാസ പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. പുനരധിവാസ പദ്ധതിയുടെ വിശദ മാർഗ്ഗനിർദ്ദേശങ്ങൾ ടി സർക്കാർ ഉത്തരവിന്റെ അനുബന്ധം 2-ൽ വിശദീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ഡി) കോഴിക്കോട് വിമാനത്താവള വികസനത്തിനായി FTP പ്രകാരം 137 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 19-8-2010-ലെ ജി.ഒ.(എം.എസ്.)നമ്പർ 62/2010/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം നല്കിയിട്ടുണ്ട്. 7-1-2011-ലെ സ.ഉ.(എം.എസ്.) നമ്പർ 15/2011/റവ. പ്രകാരം ഒരു ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ 25 തസ്തികകൾ ഉൾക്കൊള്ളുന്ന ഒരു എൽ.എ. യൂണിറ്റ് രൂപീകരിക്കുകയും കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുള്ള പുനരധിവാസ പാക്കേജ് അംഗീകരിച്ചിട്ടുമുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly